**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1914** | **12-09-2023 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എത്രപേർക്കാണ് ധനസഹായം നൽകിവരുന്നത്; അപേക്ഷ സമർപ്പിച്ച എത്ര പേർക്ക് ഇനിയും ധനസഹായം നൽകാനുണ്ട്; വിശദമാക്കാമോ; | (ബി) | ആശ്വാസ കിരണം പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നതിന് ഗുണഭോക്താക്കൾ അവരുടെ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കിയ 38,104 പേർക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.<br><br>11.10.2012 തീയതിയിലെ സ.ഉ.(എം.എസ്)നം.60/2012/സാക്ഷേവ ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവർക്ക് പുറമെ 100% അന്ധത ബാധിച്ചവരേയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. അതുകൊണ്ടുതന്നെ,2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകൾക്ക് മാത്രമേ ഇതുവരെ ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടുള്ളൂ. |
| (സി) | പദ്ധതിയിലേക്കുള്ള അപേക്ഷ ഓൺലൈൻ വഴി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | പദ്ധതിയിലേക്കുള്ള അപേക്ഷ ഓൺലൈനിലൂടെ സ്വീകരിക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ |

| | | | |
|---|---|---|---|
| | | | കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. 2010 ലാണ് പദ്ധതി ആരംഭിച്ചത്.

11.10.2012 തീയതിയിലെ സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്കു പുറമേ 100% അന്ധത ബാധിച്ചവരേയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

<u>മാനദണ്ഡങ്ങൾ</u>

- കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ 22375/- രൂപയും, പഞ്ചായത്തുകളിൽ 20000/- രൂപയും വരെ
- മാനസിക രോഗികൾ ,ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല.
- വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി.പി.എൽ റേഷൻ കാർഡ്/ വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം
- അപേക്ഷയോടൊപ്പം നിർദ്ദിഷ്ട മാതൃകയിൽ ഡോക്ടർ നല്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
- വിധവ, വാർദ്ധക്യ ,കർഷകത്തൊഴിലാളി , മറ്റു ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭിക്കുന്നതാണ്.

അപേക്ഷകൾ വനിതാ ശിശു വികസന വകുപ്പിലെ സി ഡി പി ഒ, സൂപ്പർവൈസർമാർ, അംഗനവാടി വർക്കർമാർ എന്നിവരിൽ നിന്നും, സാമൂഹ്യ സുരക്ഷ മിഷന്റെ വെബ് സൈറ്റ് / ഓഫീസിൽ നിന്നും, ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപത്തെ അംഗനവാടികളിലോ, ശിശു വികസന ഓഫീസിലോ നല്കാവുന്നതാണ്.